<u>പതിമൂന്നാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3279</u> 14.10.2011-ൽ മറുപടിയ്ക്ക്

<u>ലോഡ് ഷെഡിങ്.</u>

| <u>ചോദ്യം</u><br>ശ്രീ. കെ. കെ. നാരായണൻ : | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലോഡ് ഷെഡിങ് നിലവിലുണ്ടോ ; എങ്കിൽ ഇത് എന്നാണ് ആരംഭിച്ചതെന്നും എന്നു വരെ തുടരുമെന്നും അറിയിക്കുമോ ; | (എ) | ഉണ്ട്.<br>27-09-2011 മുതൽ സംസ്ഥാനത്ത് ഭാഗികമായും, 29-09-2011 മുതൽ സംസ്ഥാനമൊട്ടാകെയും ലോഡ് ഷെഡിംഗ് ഏർപ്പെടുത്തേണ്ടി വന്നു. സർക്കാരിൻെറ നിർദ്ദേശമനുസരിച്ച് കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങി ലോഡ് ഷെഡിങ് നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) | ലോഡ് ഷെഡിങ് ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്തെല്ലാമാണ് ; | (ബി) | കാലവർഷം നിലച്ചതിനെ തുടർന്ന് വൈദ്യുതിയുടെ ആവശ്യകത പെട്ടെന്ന് ക്രമാതീതമായി വർദ്ധിച്ചു. ജല വൈദ്യുതി നിലയങ്ങളിൽ നിന്ന് പൂർണ്ണതോതിൽ ഉല്പാദനം നടത്തിയാലും, കേന്ദ്ര വിഹിതം പൂർണ്ണമായി ലഭിച്ചാലും ആവശ്യകത നിറവേറ്റാൻ കഴിയാത്ത സാഹചര്യം വന്നു. കായംകുളം, ബി.എസ്.ഇ.എസ്. തുടങ്ങിയ കേരളത്തിലെ നിലയങ്ങളിൽ നിന്ന്, താപവൈദ്യുതിയുടെ അധിക നിരക്കുകാരണം വൈദ്യുതി വാങ്ങാൻ കഴിയാതെ വന്നു. 26-09-2011 മുതൽ കേന്ദ്ര വിഹിതത്തിൽ കുറവുവന്നു. കേന്ദ്ര നിലയങ്ങളായ നെയ്‌വേലി, താൽച്ചർ തുടങ്ങിയവയിൽ |

അടിയന്തിര അറ്റകുറ്റപ്പണികൾക്കായി ചില ജനറേറ്ററുകൾ നിർത്തിയതും, രാമഗുണ്ടം നിലയത്തിലെ കൽക്കരി ക്ഷാമവും, കൂടാതെ അൺ അലോക്കേറ്റഡ് വിഹിതത്തിലുണ്ടായ കുറവും മൂലം പ്രതിസന്ധി രൂക്ഷമായി. എന്നാൽ കേന്ദ്രവിഹിതത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. പ്രതിസന്ധി പരിഹരിക്കാനായി ലഭ്യമായ സ്രോതസുകളിൽ നിന്നെല്ലാം മെറിറ്റ് ഓർഡർ അനുസരിച്ച് വൈദ്യുതി വാങ്ങുന്നുണ്ടെങ്കിലും വൈദ്യുതി കമ്മി നിലനിൽക്കുന്ന സാഹചര്യത്തിലാണ് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നത്.

(സി) ഇതിന് മുമ്പ് ഏത് വർഷമാണ് സംസ്ഥാനത്ത് ലോഡ്ഷെഡിങ്ങ് ഏർപ്പെടുത്തിയിട്ടുള്ളത് ?

(സി) ഇതിനുമുമ്പ് 2008-09 സാമ്പത്തിക വർഷത്തിൽ ലോഡ് ഷെഡിങ്ങ് ഏർപ്പെടുത്തിയിരുന്നു. (27-06-2008 മുതൽ). ഇത് 18-04-2009 ലാണ് പിൻവലിച്ചത്.

സെക്ഷൻ ഓഫീസർ.